കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 07/2022 23.03.2022

# സ.കെ.പ്രകാശൻ സർവ്വീസിൽനിന്നും വിരമിക്കുന്നു.

സഖാക്കളെ,



സ.കെ.പ്രകാശൻ വിരമിക്കുകയാണ്. 38 വർഷത്തെ സേവനത്തിന് ശേഷം അരിക്കുളം ശാഖയിൽ നിന്നാണ് സ.പ്രകാശൻ വിരമിക്കുന്നത്. KGBOU ജനറൽ സെക്രട്ടറി, പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ച സഖാവ് ഇപ്പോൾ KGBOU കേന്ദ്ര കമ്മിറ്റി അംഗമാണ്. BEFI സംസ്ഥാന വൈസ് പ്രസിഡണ്ട് ആയും പ്രവർത്തിക്കുന്നു.

1984 ൽ സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ അമ്പലവയൽ ശാഖയിൽ ജൂനിയർ ക്ലർക്ക് ആയി ജോലിയിൽ പ്രവേശിച്ച സ.പ്രകാശൻ പിന്നീട് ബാങ്കിന്റെ കോഡൂർ ശാഖയിലേക്കും അവിടെ നിന്ന് കക്കട്ടിൽ ശാഖയിലേക്കും സ്ഥലം മാറി. സഖാവിന്റെ ജീവിതവീക്ഷണം തന്നെ മാറ്റി മറിച്ചത് കക്കട്ടിൽ ശാഖയിലെ പ്രവർത്തന കാലഘട്ടം ആയിരിക്കും എന്നത് അതിശയോക്തിയല്ല. ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ പടപ്പാട്ടുകാരനായിരുന്ന, സാഹിത്യവും കവിതയും തുളുമ്പുന്ന ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന മുദ്രാവാക്യങ്ങളുടെ രചയിതാവ് സ.എൻ.വി.പ്രേംകുമാറിന്റെ ശാഖയായിരുന്നു കക്കട്ടിൽ. ആരാണ് തൊഴിലാളി? എന്തായിരിക്കണം തൊഴിലാളിക്ക് ജോലിയോടും സ്ഥാപനത്തോടും ഇടപാടുകാരോടും സംഘടനയോടും ഉള്ള സമീപനം ഇവയെല്ലാം ഒരു പുതിയ അവബോധത്തോടെ മനസ്സിലാക്കാൻ കക്കട്ടിലെ കാലഘട്ടം പ്രകാശനെ സഹായിച്ചു. പിന്നീട് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയന്റെ മുന്നണി പോരാളിയായി സഖാവ് പ്രകാശൻ വളരുകയായിരുന്നു. സഖാവ് എൻ.വി. പ്രേംകുമാറിന്റെ മുദ്രാവാക്യം വിളിയുടെ സ്വാഭാവികമായ പിൻതുടർച്ചക്കാരനായും പ്രകാശൻ മാറി.

ഒരു കോൺഗ്രസ്സ് കുടുംബത്തിൽ ജനിച്ച പ്രകാശൻ സ്വാഭാവികമായും കെ.എസ്.യു, യൂത്ത് കോൺഗ്രസ്സിലൂടെയാണ് പൊതുപ്രവർത്തന രംഗത്തേക്ക് പ്രവേശിക്കുന്നത്. താൻ വിശ്വസിച്ച പ്രസ്ഥാനം എത്ര കാപട്യ പൂർണമായാണ് തൊഴിലാളികളോട് പെരുമാറുന്നത് എന്ന് ഗ്രാമീണ ബാങ്കിലെ ജീവിതാനുഭവങ്ങളിൽ നിന്ന് പ്രകാശൻ ഗ്രഹിച്ചെടുക്കുകയായിരുന്നു. അങ്ങിനെയാണ് യൂത്ത് കോൺഗ്രസ്സിന്റെ പേരാമ്പ്ര മണ്ഡലം പ്രസിഡണ്ട് എന്ന സ്ഥാനം വരെ വഹിച്ചിരുന്ന പ്രകാശൻ ഒരു ഇടതു പക്ഷ തൊഴിലാളി സംഘടനയുടെ അമരത്ത് എത്തുന്നത്.

'പണിയെടുക്കുമ്പോൾ നല്ലവണ്ണം പണിയെടുക്കുക, പണിമുടക്കുമ്പോഴും അതേ ആവേശത്തോടെ പണിമുടക്കുക.' ഇത് മുഴുവൻ ജീവനക്കാരിലേക്കും നാം എത്തിക്കാൻ ശ്രമിക്കുന്ന നമ്മുടെ അടിസ്ഥാന നയമാണ്. ബാങ്കിന്റെ നിയമങ്ങൾ ആഴത്തിൽ പഠിക്കുകയും അത് ബാങ്കിന്റെ അഭിവൃദ്ധിക്കായി ഉപയോഗിക്കുകയും ചെയ്യാൻ കാണിക്കുന്ന സഖാവിന്റെ മിടുക്ക് ഏറെ ശ്രദ്ധേയമാണ്. സ്റ്റേറ്റുമെന്റുകൾ ഉണ്ടാക്കിയിരുന്ന കാലഘട്ടത്തിൽ due date ന് തന്നെ അവ തയ്യാറാക്കി അയക്കുക, NIL AOD due ആയിരിക്കുക, ഏറ്റവും കുറഞ്ഞ NPA എന്നിവ പ്രകാശൻ ജോലി ചെയ്ത ശാഖകളുടെ മുഖമുദ്രയായി മാറിയത് അദ്ദേഹത്തിന്റെ സജീവമായ ഇടപെടൽ കാരണമായിരുന്നു.

1990 ൽ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയന്റെ കേന്ദ്ര കമ്മിറ്റി അംഗമായി നേതൃനിരയിലേക്ക് വന്ന സ.പ്രകാശൻ പ്രശ്നങ്ങളെ സൂക്ഷ്മതലത്തിൽ വിലയിരുത്തുന്നതിൽ കാണിക്കുന്ന മിടുക്ക് എടുത്തു പറയേണ്ടതാണ്.



ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും മാനേജ്മെന്റിന് മുന്നിൽ അവതരിപ്പിക്കുന്നതിനും ജോയിന്റ് കോൺഫറൻസ് പോലുള്ള വേദികളിൽ ജീവനക്കാർക്കനുകൂലമായ വാദമുഖങ്ങൾ ഉയർത്തുന്നതിലും ഒരു പ്രത്യേക കഴിവ് സ.പ്രകാശന് ഉണ്ട്. സ.പ്രകാശൻ ഒരു മികച്ച പ്രാസംഗികനുമാണ്.

2018 ൽ ദിവസകൂലിക്കാരെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ടി നാം നടത്തിയ പ്രക്ഷോഭം തൊഴിലാളി വർഗചരിത്രത്തിൽ സമാനതകളില്ലാത്തതായിരുന്നു. താൽകാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ടി 2018 ഡിസംബർ 11 ന് അനിശ്ചിതകാലത്തേക്ക് നിരാഹാര സമരം അനുഷ്ഠിക്കുന്നതിന് സംഘടന ചുമതലപ്പെടുത്തിയത് സ.പ്രകാശനെ ആയിരുന്നു. 2010 ൽ ഓഫീസറാകുന്ന പ്രകാശൻ അതിനു വേണ്ട പരീക്ഷ എഴുതുന്നതിന് മലപ്പുറം എം.എസ്.പി ഹൈസ്കൂളിലെ പരീക്ഷാ കേന്ദ്രത്തിലെത്തിയപ്പോൾ ഒരധ്യാപകൻ വന്ന് ഹസ്തദാനം നൽകിക്കൊണ്ട് പറഞ്ഞു 'ഇത് കഴിഞ്ഞ വർഷത്തെ മുദ്രാവാക്യം വിളിക്കുള്ളതാണ്'. ലഭിക്കും എന്ന് ഉറപ്പുള്ള പ്രമോഷൻ മറ്റുള്ളവർക്ക് വേണ്ടി ബഹിഷ്കരിക്കാൻ തയ്യാറാവുന്നത് ഉന്നതമായ ഒരു മാനസികാവസ്ഥയിൽ നിന്ന് മാത്രമേ ഉദയം ചെയ്യൂ. അതിന് നേതൃത്വം നൽകിയ 2009 ഏപ്രിൽ 5 ന്റെ പരീക്ഷാബഹിഷ്കരണ മുദ്രാവാക്യത്തിന്റെ ഉജ്ജ്വലമായ ഓർമ ഒരധ്യാപകനിൽ ഒരു വർഷം നിലനിന്നു എന്നത് ആ സമരത്തിന്റെ തീക്ഷ്ണത ബോധ്യപ്പെടുന്നതാണ്. ജീവനക്കാരുടെ പ്രശ്നങ്ങൾ സ്വന്തം പ്രശ്നങ്ങളായി കണ്ടു കൊണ്ട് അതിനുള്ള പരിഹാരം കണ്ടെത്താൻ വിട്ടു വീഴ്ചയില്ലാതെ ഇടപെടുന്നതു കൊണ്ടു തന്നെ ബാങ്കിലേക്ക് കടന്നുവരുന്ന പുതിയജീവനക്കാർക്കിടയിൽ വലിയ സ്വീകാര്യത സഖാവിനുണ്ടായിരുന്നു.

ബാങ്കിൽനിന്നും റിട്ടയർ ചെയ്യുന്ന സ.പ്രകാശൻ നമ്മുടെ സംഘടനയുടെ കൂടെ ഇനിയും ഉണ്ടാകും. അതോടൊപ്പം സമൂഹത്തിലെ മർദ്ദിതരും ചൂഷിതരുമായ ജനതയുടെ വിമോചനത്തിനായുള്ള പോരാട്ടത്തിലും അദ്ദേഹത്തിന്റെ ശബ്ദം മുഴങ്ങിക്കേൾക്കും.

പൊരുതുന്ന ശക്തി തൻ പൊരുളറിഞ്ഞോരിവർ
ഭരണ വർഗത്തിന്നു കുമ്പിടാത്തോർ
നേടിയെടുത്തവ കാത്തുസൂക്ഷിക്കുവാൻ
നേരിന്റെ പാതയിൽ നിലയുറപ്പിച്ചവർ
നേരിനെ, നീതിയെ കരിനിയമങ്ങളാൽ
നേരിട്ടവരെ വിരട്ടിയോടിച്ചവർ
നേരും നെറിയും കെട്ട മേലാളരെ
നേരായ മാർഗങ്ങൾ സ്വീകരിപ്പിച്ചവർ

## സഃ കെ. പ്രകാശന് അഭിവാദനങ്ങൾ,


**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU
Mob: 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU
Mob: 9447383184

# ഈ മാസം വിരമിക്കുന്ന നമ്മുടെ സഹപ്രവർത്തകർ

| | | |
|---|---|---|
| 1 | രാജൻ കെ കെ | ഇൻസ്പെക്ഷൻ യൂണിറ്റ് കോഴിക്കോട് |
| 2 | രാമണ്ണ പൂജാരി ബി | ബെല്ലൂർ |
| 3 | മോഹനൻ പി കെ | ഇൻസ്പെക്ഷൻ യൂണിറ്റ് കോഴിക്കോട് |
| 4 | കൃഷ്ണകുമാർ പി | RO കോഴിക്കോട് |
| 5 | ഫ്രാൻസിസ് ജേക്കബ് | മുണ്ടത്തിക്കോട് |
| 6 | അരവിന്താക്ഷൻ യു സി | കല്ലമ്പലം |
| 7 | ലോഹിതാക്ഷൻ എം പി | ചേളാരി |
| 8 | സതീശൻ കെ | ചെങ്ങോട്ടുകാവ് |
| 9 | അച്യുതൻ പി | ചട്ടഞ്ചാൽ |
| 10 | രവീന്ദ്രൻ എം | HO ഇൻസ്പെക്ഷൻ വിംഗ് |
| 11 | സെബാസ്റ്റ്യൻ പി ഡി | മുള്ളൻകൊല്ലി |
| 12 | കൃഷ്ണമോഹൻ പി | മട്ടന്നൂർ |
| 13 | ബാലകൃഷ്ണൻ പി കെ | കുഞ്ഞിപ്പള്ളി |
| 14 | ആനന്ദൻ എം | RO കൽപ്പറ്റ |